

Refurbishment works started on 27.03.2012





Refurbishment work in progress

പ്രിയസഭാ വിശ്വാസികളെ,

മലങ്കര ഓർത്തഡോക്സ് സുറിയാനിസഭാ നേതൃത്വത്തിന്റെ ആജ്ഞാനുസരണം കൂനൻകുരിശു തീർത്ഥാടനകേന്ദ്ര വികസന കൗൺസിൽ താഴെ വിവരിക്കുന്ന പ്രകാരം പ്രവർത്തനം നടത്തികൊണ്ടിരിക്കുന്നു:

1. പ്രാരംഭമായി – സഭയുടെ അധീനതയിലുള്ള 60 സെന്റ് സ്ഥലത്തിന്റെ അതിരുകളിൽ അനധികൃതമായി വീട് വെച്ച് താമസിച്ചിരുന്ന 11 കുടുംബങ്ങൾ, സമാധാനമായ ചർച്ചയിലൂടെ, സന്തോഷത്തോടെ, നമ്മുടെ സ്ഥലത്തുനിന്ന് ഒഴിഞ്ഞുമാറിയത് ദൈവാനുഗ്രഹമായി കരുതുന്നു. ആയതിലേക്ക് കേന്ദ്രഫണ്ടിൽ നിന്നും 21 ലക്ഷം രൂപ പുനരധിവാസ സഹായധനമായി കൊടുത്തു.
2. ഒന്നാം ഘട്ടം – മനേജർ അച്ചൻ, സഹായികളായ മററ് സെമിനാരി വിദ്യാർത്ഥികൾ, സഹായികൾ, ഇവർക്ക് താമസസൗകര്യത്തിനും, ഭാവിയിലേക്കുള്ള Service & Admin Block ന്റെ പണി 60% പുരോഗമിച്ചുകൊണ്ടിരിക്കുന്നു. Estimated Amount Rs. 30 ലക്ഷം രൂപ.
3. രണ്ടാം ഘട്ടം – 1751 ൽ പൂർവ്വപിതാക്കന്മാരാൽ പണികഴിപ്പിച്ച ചരിത്രപ്രാധാന്യമുള്ള ദൈവാലായം ജീർണ്ണാവസ്ഥയിലാണ്. ഇതിന്റെ പുനരുദ്ധാരണ പണികൾ ഇപ്പോൾ തുടങ്ങുകയാണ്. ചിത്രത്തിൽ കാണിച്ചിരിക്കുന്ന മാതൃകയിൽ കമ്പിയും കോൺക്രീററും ഉപയോഗിക്കാതെ UNSECO അംഗീകരിച്ച സാങ്കേതിക വിദ്യയിൽ, പുരാതന ശൈലിയിൽ, വൈവിദ്ധ്യമാർന്ന മാതൃകയിൽ, പഴയഭിത്തിയും, തറയും, മദ്ബഹായും നിലനിർത്തികൊണ്ട് പണിയുന്നു. Estimated Amount Rs. 75 ലക്ഷം രൂപ.
4. സഭാചരിത്രപരമായ മ്യൂസിയം, മററ് ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആലോചനയിൽ ഇരിക്കുന്നു. വരും തലമുറയ്ക്ക് ചരിത്രസാക്ഷ്യമായി നിലകൊള്ളുവാൻ മലങ്കരസഭയുടെ മാർത്തോമ്മൻ പാരമ്പര്യം കാണിച്ചുകൊടുക്കുവാൻ, ഈ ചരിത്രപ്രാധാന്യമുള്ള സ്ഥലം ഉയർന്നുവരേണ്ടത് സഭാമക്കൾ ഓരോരുത്തരുടെയും ആവശ്യമാണ്.

കാതോലിക്കേററ് ശതാബ്ദി ആഘോഷത്തിൽ മേൽ പറഞ്ഞ ഒന്നും രണ്ടും ഘട്ടങ്ങൾ പൂർത്തീകരിച്ചു കാണുവാൻ പരിശുദ്ധ കാതോലിക്കാ ബാവാ ആഗ്രഹിക്കുന്നു.

നിങ്ങൾ ഓരോ സഭാവിശ്വാസികളുടെയും ഉദാരമായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

*Future Plans - To design and construct historical museum & heritage centre*